**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2575** — **24-06-2024 - ൽ മറുപടിയ്ക്ക്**

**സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റ ഭാഗമായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ സംരംഭ മേഖലയ്ക്ക് പുത്തൻ ഉണർവ് കൊണ്ട് വരുന്നതിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷം "സംരംഭക വർഷം" ആയി പ്രഖ്യാപിച്ചിരുന്നു. ഒരു വർഷത്തിൽ കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം തലത്തിലുള്ള സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഒരു വർഷം കൊണ്ട് ഒരു ലക്ഷം പുതിയ വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്തു തുടങ്ങുക എന്ന ലക്ഷ്യം വെച്ച് കൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം പദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ 139,840 പുതിയ സംരംഭങ്ങളും അതിലൂടെ 3 ലക്ഷത്തിലധികം തൊഴിലവസരങ്ങളും സൃഷ്ടിച്ചുകൊണ്ട് ചരിത്ര വിജയം കൈവരിച്ചു.<br><br>ഈ പദ്ധതിയുടെ തുടർച്ചയെന്നോണം സംരംഭക വർഷം 2.0 എന്ന പേരിൽ പദ്ധതി വിഭാവനം ചെയ്യുകയും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ 103596 പുതിയ സംരംഭങ്ങൾ കേരളത്തിൽ രൂപീകരിക്കപ്പെട്ടു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 7048.65 കോടി രൂപയുടെ നിക്ഷേപവും 2,18,179 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. പദ്ധതി ഈ വർഷവും തുടരുന്നുണ്ട്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി മാത്രം 2022 ഏപ്രിൽ 1 മുതൽ 2024 ജൂൺ 18 വരെയുള്ള കണക്ക് പ്രകാരം കേരളത്തിൽ 2,51,425 പുതിയ സംരംഭങ്ങൾ, രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 5,35,135 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>പുതുതായി രൂപീകരിച്ച സംരംഭങ്ങളുടെ വിജയവും സുസ്ഥിരതയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി, 2023-24 സാമ്പത്തിക വർഷത്തിൽ ചുവടെപ്പറയുന്ന ലക്ഷ്യങ്ങളോടെ MSME സുസ്ഥിരത പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നു.<br><br>1. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുക<br><br>2. സംസ്ഥാനത്തെ പുതിയ MSME- കളിൽ കുറഞ്ഞത് 70% എങ്കിലും വിജയകരമായി പ്രവർത്തിക്കും എന്ന് ഉറപ്പാക്കുക<br><br>3. സംസ്ഥാനത്തെ പുതിയ MSME- കളുടെ വിറ്റുവരവിൽ 5% വളർച്ചാ നിരക്ക് ഉറപ്പാക്കുക<br><br>മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഹ്രസ്വകാല പ്രവർത്തനങ്ങളും ദീർഘകാല പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്.<br><br>I. കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. |

II. സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി വ്യവസായ വകുപ്പ്, സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

III. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തിന്റെ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടും, അതിന്റെ അന്തർലീനമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് യാഥാർത്ഥ്യ ബോധത്തോടെ വ്യവസായ നയം, 2023 സ.ഉ (കൈ) നം 28/2023/ID തീയതി 01/04/2023 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ഉത്തരവായിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റ ഭാഗമായി ആവിഷ്കരിച്ച മറ്റ് പ്രധാന പദ്ധതികൾ താഴെ പറയുന്നു.

1. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

2. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു.

3. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും 14 റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

4. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ചു പ്രവർത്തനം നടന്നു വരുന്നു.

5. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022 ലെ 19 നമ്പർ ആക്ട് പ്രകാരം 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട്, 1999 (2000 ലെ നിയമം 5) ന്റെ ഭേദഗതി വഴി പരാതി പരിഹാര സംവിധാനം (Grievance Redressal System) കൊണ്ട് വന്നു.

6. കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തം ആക്കുന്നതിനു സഹായിക്കുന്നതിനായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉല്പ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) യുടെ നെറ്റ് വർക്കിൽ സംരംഭങ്ങളെ ഓൺബോർഡ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

7. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.

8. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു.

9. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 5 വർഷത്തേയ്ക്ക് 6% പലിശ സബ്സിഡി നൽകിക്കൊണ്ട് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ ഒരു കുടുംബം ഒരു സംരംഭം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | 10. കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്.<br><br>11.സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതി നായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.<br><br>12. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 4% പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചു.<br><br>13. വ്യവസായ വളർച്ചയ്ക്ക് പ്രതികൂലമായ പ്രധാന ഘടകമായ അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്ന കുറവ് പരിഹരിച്ച് വ്യവസായ വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസര ങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യവും ആയതിനൊപ്പം വ്യവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുന്നതിനും സഹായകമാകുന്ന വിധത്തിൽ സ്വകാര്യ മേഖലയിൽ 'പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്' എന്ന പദ്ധതി ആവിഷ്കരിച്ചു.<br><br>14. ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി ആരംഭിച്ചു<br><br>മേൽ പറഞ്ഞവ കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം താഴെപ്പറയുന്ന സാമ്പത്തിക സഹായ പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി<br><br>2. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി<br><br>3. നിലവിലുള്ള എം.എസ്.ഇ- കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം<br><br>4. തകർച്ച നേരിടുന്നതും പ്രവർത്തന രഹിതവുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി<br><br>5. നിലവിലുള്ള എം.എസ്.എം.ഇ-കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനുള്ള സഹായം.<br><br>6. എം.എസ്.എം.ഇ-കളുടെ പ്രാദേശിക വിപണി കൾക്ക് പശ്ചാത്തല സൗകര്യമൊരുക്കൽ<br><br>7. സംസ്ഥാന സഹായത്തോടെയുള്ള ക്ലസ്റ്റർ വികസന പരിപാടി |
| (ബി) | പുതിയ സംരംഭം ആരംഭിക്കുന്നതിന് വനിതാ സംരംഭകർക്ക് സർക്കാർ തലത്തിൽ ലഭ്യമാക്കുന്ന ധനസഹായങ്ങൾ ഏതൊക്കെയാണ്? | (ബി) | വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന താഴെപ്പറയുന്ന പദ്ധതികളിൽ വനിതാ സംരംഭകർക്ക് പ്രത്യേക പ്രാമുഖ്യം നൽകുന്നുണ്ട്.<br><br>**1. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി**<br><br>ടി പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 % ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധന സഹായമായി സർക്കാർ നൽകുന്നു. ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പദ്ധതി വഴി പലിശയിളവ് നൽകുന്നു. പദ്ധതി പ്രകാരം സ്ഥിര മൂലധന വായ്പയ്ക്കും പ്രവർത്തന മൂലധന വായ്പയ്ക്കും ആനുകൂല്യം ലഭിക്കുന്നു. 01.04.2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് |

ലഭ്യമാകുന്നത്. ഈ പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കണമെന്ന് വിഭാവനം ചെയ്തിട്ടുണ്ട്.

**2. സംരംഭക സഹായ പദ്ധതി (ESS)**

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നു. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾ ആരംഭിക്കുന്ന ജനറൽ വിഭാഗത്തിന് സ്ഥിര നിക്ഷേപത്തിന്റെ 15% പരമാവധി 30ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

എന്നാൽ വനിതാ സംരംഭകരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി 10% സബ്സിഡി അധികമായി നൽകുന്നു. ആയത് പ്രകാരം സ്ഥിരം മൂലധനം നിക്ഷേപത്തിന്റെ 25% പരമാവധി 40 ലക്ഷം രൂപ വരെ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വനിതാ സംരംഭകർക്ക് നൽകുന്നു.

**3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്പദ്ധതി**

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin money Grant നല്കി കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉല്പ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ ആരംഭിക്കുന്ന സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരം ആനുകൂല്യത്തിന് അർഹത ഉണ്ട്. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കണമെന്ന് വിഭാവനം ചെയ്തിട്ടുണ്ട്.

ജനറൽ വിഭാഗത്തിന് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 30 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. എന്നാൽ വനിത സംരംഭകർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്.

**4. കരകൗശലവിദഗ്ധർക്കുള്ളസഹായപദ്ധതി (ആശ)**

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും ആശ പദ്ധതി ലക്ഷ്യമിടുന്നു. കരകൗശല മേഖലയിൽ ഏർപ്പെട്ടിരിക്കുന്നതും സംസ്ഥാനത്ത് സ്ഥാപിതമായതുമായ എല്ലാ സൂക്ഷ്മ സംരംഭങ്ങളും, ഉദ്യം രജിസ്ട്രേഷനോ അല്ലെങ്കിൽ MSME മന്ത്രാലയം കാലാകാലങ്ങളിൽ വ്യക്തമാക്കുന്ന മറ്റേതെങ്കിലും രജിസ്ട്രേഷനോ ഉള്ള യൂണിറ്റുകൾക്ക്;

I. സ്ഥിരാസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുകയുടെ 40% പരമാവധി 3 ലക്ഷം രൂപയും, ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിച്ച പ്രൊജക്ടുകൾക്ക് ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെ 40% പരമാവധി 2 ലക്ഷം രൂപയും അങ്ങനെ സ്ഥിരാസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി ആകെ 5 ലക്ഷം രൂപവരെ പൊതുവിഭാഗങ്ങൾക്ക് ധനസഹായം നൽകുന്നു.

II. സ്ഥിരാസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുകയുടെ 50% പരമാവധി 4.5 ലക്ഷം രൂപയും, ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിച്ച പ്രൊജക്ടുകൾക്ക് ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെ 50% പരമാവധി 3 ലക്ഷം രൂപയും അങ്ങനെ സ്ഥിരാസ്തിക്കും

പ്രവർത്തന മൂലധനത്തിനുമായി ആകെ 7.5 ലക്ഷം രൂപ വരെ സ്ത്രീകൾ/പട്ടികജാതി/ പട്ടികവർഗ്ഗ ക്കാർ/യുവതിയുവാക്കൾ/ ഭിന്നശേ ഷിക്കാർ എന്നീ പ്രത്യേകവിഭാഗങ്ങളിൽപ്പെട്ടവർക്കും ധനസഹായംനൽകുന്നപദ്ധതിയാണ് ഇത്.

**5. പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP)**

തൊഴിലും ഉത്പാദനവും വർധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്രസർക്കാർ പദ്ധതിയാണിത്. ഉൽപ്പാദന മേഖലയിൽ 50 ലക്ഷം രൂപ വരെയും സേവനമേഖലയിൽ 20 ലക്ഷം രൂപ വരെയും പരമാവധി പദ്ധതി ചെലവ് വരുന്ന പുതിയ സംരംഭങ്ങൾ ഈ പദ്ധതിയിലൂടെ വായ്പാ ബന്ധിതമായി ആരംഭിക്കാവുന്നതാണ്. അപേക്ഷയും അനുബന്ധ രേഖകളും www.kviconline.gov.in എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാവുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രം, KVIC, KVIB എന്നിവ മുഖേന ഈ പദ്ധതി നടപ്പിലാക്കുന്നു.

| ഗുണഭോക്താവിന്റെവിഭാഗം | സ്വന്തം മുതൽ മുടക്ക് | ബാങ്ക് വായ്പ | സബ്സിഡിനിരക്ക | |
|---|---|---|---|---|
| | | | നഗരം | ഗ്രാമം |
| പൊതുവിഭാഗം | 10% | 90% | 15% | 25% |
| മുൻഗണനവിഭാഗം (സ്ത്രീകൾ, ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ്ഗം, ഒബിസി, ന്യൂനപക്ഷവിഭാഗം, വിമുക്തഭടന്മാർ) | 5% | 95% | 25% | 35% |

മേൽ പറഞ്ഞവ കൂടാതെ വകുപ്പ് വഴി നടപ്പിലാക്കുന്ന താഴെ പറയുന്ന മറ്റ് ധനസഹായ പദ്ധതികൾ വഴിയും വനിതാ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നുണ്ട്.

I. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾ ക്കുള്ള സഹായ പദ്ധതി

II. നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം

III. പ്രധാനമന്ത്രിയുടെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി (പി.എം.എഫ്.എം.ഇ. പദ്ധതി)

കൂടാതെ നിലവിലുള്ള ചെറുകിട, ഇടത്തരം സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി നടപ്പിലാക്കി വരുന്ന വി-മിഷൻ പദ്ധതി പ്രകാരം സ്ത്രീ സംരംഭകർക്ക് അവരുടെ സംരംഭം വിപുലീകരിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി പരമാവധി 50 ലക്ഷം രൂപ വരെ ഈടില്ലാതെ ലോൺ നൽകി വരുന്നു. നിലവിൽ 7.5% പലിശ നിരക്കിൽ, ആറ് വർഷത്തേക്കാണ് പ്രസ്തുത വായ്പ നൽകുന്നത്.

സെക്ഷൻ ഓഫീസർ